(ഇ) പ്രസ്തുത തുക അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകുകയുണ്ടായോ ;

(എഫ്) പ്രസ്തുത നിക്ഷേപം മൂലം സഹകരണ മേഖലയിൽ പ്രതിസന്ധി ഉണ്ടായിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ 632 കോടി 32 ലക്ഷവും മറ്റ് സഹകരണ സ്ഥാപനങ്ങൾ 378 കോടി 44 ലക്ഷവും രൂപയാണ് സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ളത്.

(ബി) ആറര (6½) വർഷത്തേക്കാണ് സഹകരണസ്ഥാപനങ്ങൾ ട്രഷറികളിൽ നിക്ഷേപം നടത്തിയിരിക്കുന്നത്.

(സി) സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾ മടക്കി നൽകണം എന്ന് നിസർവ്വ് ബാങ്ക് ആവശ്യപ്പെട്ടതായി സംസ്ഥാന സഹകരണ ബാങ്കും സഹകരണ വകുപ്പും അറിയിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നിക്ഷപം മടക്കി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവേ സമാഹരണത്തിന്റെ ഭാഗമായി കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ വേണ്ടി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ പ്രകാരമാണ് സഹകരണ ബാങ്കുകൾ അവരുടെ പക്കലുള്ള അധിക തുക ട്രഷറിയിൽ നിക്ഷേപിച്ചത്. ട്രഷറി നിക്ഷേപങ്ങൾക്ക് നൽകുന്ന ആകർഷകമായ പലിശ നിരക്ക് ഇതിന് ഒരു കാരണമാണ്.

(ഇ) ചില സഹകരണ ബാങ്കുകളുടെ ആവശ്യപ്രകാരം അവർ നിക്ഷേപിച്ച തുക തിരിച്ച് നൽകിയിട്ടുണ്ട്.

(എഫ്) പ്രസ്തുത നിക്ഷേപംമൂലം സഹകരണ മേഖലയിൽ പ്രതിസന്ധി ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സബ് ട്രഷറി തുടങ്ങുവാൻ നടപടി

59 (456) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ സബ്ട്രഷറികൾ തുടങ്ങുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ചടയമംഗലം കേന്ദ്രമാക്കി സബ്ട്രഷറി തുടങ്ങാനുള്ള നടപടി ഏത് ഘട്ടത്തിലാണ് ;

(സി) ഈ സാമ്പത്തിക വർഷം ചടയമംഗലത്ത് സബ്ട്രഷറി ആരംഭിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ട്രഷറികളുടെ ആവശ്യകത പരിഗണിച്ചും സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായും പുതിയ ട്രഷറികൾ തുടങ്ങുന്നുണ്ട്.

(ബി) ചടയമംഗലം കേന്ദ്രമാക്കി പുതിയ സബ്ട്രഷറി തുടങ്ങാനുള്ള നടപടികൾ ഇപ്പോൾ നിലവില്ല.

(സി) തൽക്കാലം ഉദ്ദേശമില്ല.

ട്രഷറികളിൽ സൂക്ഷിക്കേണ്ട കരുതൽ തുക

60 (457) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവ്വ് ബാങ്കുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ട്രഷറികളിൽ സൂക്ഷിക്കേണ്ട കരുതൽ തുക എത്രയാണ് ;

(ബി) 2000 ഡിസംബർ 31-ന് കണക്ക് ക്ലോസ് ചെയ്യുമ്പോൾ സംസ്ഥാനത്തെ ട്രഷറികളിൽ ഒട്ടാകെ എന്ത് തുക മിച്ചമുണ്ടായിരുന്നു ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ ക്വാർട്ടറിലും കണക്ക് ക്ലോസ് ചെയ്യുമ്പോൾ സംസ്ഥാനത്തെ ട്രഷറികളിൽ ഒട്ടാകെ എന്ത് തുക നീക്കിയിരിപ്പുണ്ടായിരുന്നു എന്ന് പറയാമോ ?

ഉത്തരം

(എ) 166 ലക്ഷം രൂപ.

(ബി) 31-3-2000-ൽ സംസ്ഥാനം 98.32 കോടി രൂപ ഓവർഡ്രാഫ്റ്റിലായിരുന്നു.

(സി) ഇത് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധം 6-ആയി ചേർത്തിട്ടുണ്ട്.†

ഹാൻടെക്സ് ട്രഷറിയിൽ നിന്നും പിൻവലിച്ച തുക

61 (458) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡിസ്ട്രിക് ട്രഷറിയിൽ നിന്ന് ഹാൻടെക്സിന് ഒരു കോടിയോളം രൂപ തെറ്റായി വകയിരുത്തിയിരുന്നോ ;

(ബി) അർഹതപ്പെട്ടതല്ലെന്ന് മനസ്സിലാക്കിയിട്ടും ഹാൻടെക്സ് ഉദ്യോഗസ്ഥന്മാർ ഈ തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടോ ;

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly